# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം–*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2024 നവംബർ 13**

---

## <u>മികച്ച എൻ.എസ്.എസ് യൂണിറ്റിനുള്ള പുരസ്കാരം അൽഫോൻസ കോളജിന്</u>

*എംജി സർവകലാശാലയിലെ 2023-24 വർഷത്തെ ഏറ്റവും മികച്ച നാഷണൽ സർവീസ് സ്കീം യൂണിറ്റിനുള്ള എവർ റോളിംഗ് ട്രോഫി പാലാ അൽഫോൻസ കോളജിന്. ഇതേ കോളജിലെ പ്രിൻസിപ്പൽ റവ. ഡോ ഷാജി ജോൺ പുന്നത്താനത്തുകുന്നേൽ മികച്ച എൻ.എസ്.എസ് സൗഹൃദ പ്രിൻസിപ്പലും ഡോ. സിമിമോൾ സെബാസ്റ്റ്യൻ മികച്ച പ്രോഗ്രാം ഓഫീസറുമായി തിരഞ്ഞെടുക്കപ്പെട്ടു.*

*വൈസ് ചാൻസലർ ഡോ.സി.ടി. അരവിന്ദകുമാർ  അധ്യക്ഷനായ സമിതിയാണ് പുരസ്കാര ജേതാക്കളെ തിരഞ്ഞെടുത്തത്.*

*തൊടുപുഴ ന്യൂമാൻ കോളജിനാണ് രണ്ടാം സ്ഥാനം. ഈ കോളജിലെ ഡോ. എം.പി. ബിജിയാണ് മികച്ച രണ്ടാമത്തെ പ്രോഗ്രാം ഓഫീസർ.  എറണാകുളം കുറുപ്പുംപടി സെൻറ് കുര്യാക്കോസ് കോളജ് ഓഫ് മാനേജ്മെൻ്റ് ആൻ്റ് സയൻസും പത്തനംതിട്ടയിലെ സ്കൂൾ ഓഫ് ടെക്നോളജി ആൻ്റ് അപ്ലൈഡ് സയൻസസും ആ ണ് മികച്ച എമേർജിംഗ് യൂണിറ്റുകൾ.*

*പുരസ്കാരം നേടിയ മറ്റു കോളജുകളുടെയും പ്രോഗ്രാം ഓഫീസർമാരുടെയും പേരുവിവരം ചുവടെ.*

*അസംപ്ഷൻ കോളജ് ചങ്ങനാശ്ശേരി - ഷെറിൻ ബാബു, എസ്.എച്ച് കോളജ് തേവര-ഡോ. ജൂൺ സിറിയക്, ഹെൻട്രി ബേക്കർ കോളജ് മേലുകാവ്- ഡോ.  ജിബിൻ മാത്യു,  സെൻ്റ് ഡൊമിനിക്  കോളജ് കാഞ്ഞിരപ്പള്ളി-ഡോ ജോജി തോമസ്, കത്തോലിക്കേറ്റ് കോളജ് പത്തനംതിട്ട -ഡോ. ഗോകുൽ ജി. നായർ, സെൻ്റ് അലോഷ്യസ് കോളജ് എടത്വ - മനോജ് സേവ്യർ, മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളജ് അങ്കമാലി -ഡോ. ജി. രശ്മി, ഏറ്റുമാനൂരപ്പൻ കോളജ് -രേവതി രാമചന്ദ്രൻ,*

*ബസേലിയോസ് കോളജ് കോട്ടയം- ആഷ്‌ലി തോമസ്, എസ്.എൻ.എം കോളജ് മാല്യ ങ്കര- ഡോ. വി. സി. രശ്മി, എംഇഎസ് കോളജ് മാറമ്പള്ളി ആലുവ - ഡോ. പി.എം. റഫീക്ക, സെന്റ് തെരേസാസ് കോളജ് എറണാകുളം- ഡോ ശിൽപ്പ ജോസ്, രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസ് കളമശേരി -ഡോ ജിജി ജോർജ്.*

*ഇതിനു പുറമെ എട്ടു കോളജുകൾക്കും പ്രോഗ്രാം ഓഫീസർമാർക്കും മികച്ച പ്രവർത്തനത്തിന് പ്രശംസ പത്രം നൽകും.*

*മികച്ച വോളണ്ടിയർമാരായി ആനന്ദ് സുധൻ (ന്യൂമാൻ കോളജ് തൊടുപുഴ), കെ.എസ്. അമൽ കുമാർ (കാത്തോലിക്കേറ്റ് കോളജ് പത്തനംതിട്ട), എസ്. ഹരികൃഷ്ണൻ(സെന്റ് അലോഷ്യസ് കോളജ എടത്വ), മിലൻ ബെന്നി (സെന്റ് കുര്യാക്കോസ് കോളജ് ഓഫ് മാനേജ്മെന്റ് ആൻഡ് സയൻസ് കുറുപ്പുംപടി), ഫ്രാൻസിസ് സാവിയോ (കൊച്ചിൻ കോളജ് കൊച്ചി), ബെസ്‌ലിൻ മാത്യു ഏലിയാസ് (എസ്.എസ്.വി കോളജ് വളയൻചിറങ്ങര), കാതറീൻ പോൾ( മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളജ് അങ്കമാലി), എസ്. വൈഷ്ണവി (ഗവൺമെന്റ് കോളജ് കോട്ടയം), നന്ദിത പ്രദീപ്(ബസേലിയോസ് കോളജ് കോട്ടയം), ലിയോണ മരിയ ജോയ്സൺ (രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസസ് കളമശേരി), ആശ വി. മാർട്ടിൻ (അൽഫോൻസാ കോളജ് പാലാ), എം.എസ്. ഗൗരിനന്ദന(അസംപ്ഷൻ കോളജ് ചങ്ങനാശ്ശേരി), ഹിബ ഫാത്തിമ (ഹെൻട്രി ബേക്കർ കോളജ് മേലുകാവ്) ഭാഗ്യലക്ഷ്മി രാജ് (സെന്റ് ഡോമിനിക്സ് കോളജ് കാഞ്ഞിരപ്പള്ളി), എം. കൃഷ്ണപ്രിയ (എസ്.വി.ആർ.എൻ.എസ്.എസ് കോളജ് വാഴൂർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.*

*196 അഫിലിയേറ്റഡ് കോളജുകളിലായി 282 യൂണിറ്റുകളും 282 പ്രോഗ്രാം ഓഫീസർമാരും 28200 വോളണ്ടിയർമാരുമാണ് സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീമിനുള്ളത്. പുരസ്കാരങ്ങൾ പിന്നീട് എൻഎസ്എസ് സംഗമത്തിൽ സമ്മാനിക്കുമെന്ന് കോഡിനേറ്റർ ഡോ. ഇ എൻ ശിവദാസൻ അറിയിച്ചു.*

ഫോട്ടോ ക്യാപ്ഷൻ..

- *റവ. ഡോ ഷാജി ജോൺ പുന്നത്താനത്തുകുന്നേൽ*
- *ഡോ. സിമിമോൾ സെബാസ്റ്റ്യൻ*

*(പി.ആർ.ഒ/39/1017/2024)*

## അക്കാദമിക സഹകരണത്തിന്

## എം.ജി-ഗെന്റ് ധാരണ

*മഹാത്മാ ഗാന്ധി സർവകലാശാലയും ബെൽജിയത്തിലെ ഗെന്റ് സർവകലാശാലയും അക്കാദമിക സഹകരണത്തിന് ധാരണയായി. സംയുക്ത കോഴ് സുകൾ, സെമിനാറുകൾ, അധ്യാപകരുടെയും വിദ്യാർഥികളുടെയും കൈമാറ്റം, തുടങ്ങിയവയാണ് ഇതുവഴി ലക്ഷ്യമിടുന്നത്.*

*മഹാത്മാ ഗാന്ധി സർവകലാശാലക്കു വേണ്ടി രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണനും ഗെന്റ് സർവകലാശാലക്കു വേണ്ടി ഡോ. സാറാ മോണ്ടിനും ധാരണപത്രത്തിൽ ഒപ്പുവച്ചു.*

*വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദ്കുമാർ, സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ. റജി സക്കറിയ, ഡോ. ജോജി അലക്സ്, ഡോ.എ.എസ്. സുമേഷ്, പ്രഫ.ബീന മാത്യു, പ്രഫ. കെ.ആർ.ബൈജു, നോഡൽ ഓഫീസർ പ്രഫ. എം.എച്ച് ഇല്ല്യാസ് തുടങ്ങിയവർ പങ്കെടുത്തു.*

*ഫോട്ടോ ക്യാപ്ഷൻ...*

*മഹാത്മാ ഗാന്ധി സർവകലാശാലയും ബെൽജിയത്തിലെ ഗെന്റ് സർവകലാശാലയും തമ്മിൽ സഹകരിക്കുന്നതിനുള്ള ധാരണാപത്രം ഡോ. ബിസ്മി ഗോപാലകൃഷ്ണനും ഡോ. സാറാ മോണ്ടിനും പ്രദർശിപ്പിക്കുന്നു. ഡോ. ജോജി അലക്സ്, അഡ്വ. റെജി സക്കറിയ, വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ, ഡോ. എ.എസ് സുമേഷ്, ഡോ. എം.എച്ച്. ഇല്യാസ്, ഡോ. കെ.ആർ. ബൈജു എന്നിവർ സമീപം.*

*(പി.ആർ.ഒ/39/1018/2024)*

## എം.ജി ഓൺലൈൻ പ്രോഗ്രാമുകൾ; നാളെ വരെ അപേക്ഷിക്കാം

*മഹാത്മാഗാന്ധി സർവകലാശാലയുടെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യൂക്കേഷൻ നടത്തുന്ന ഓൺലൈൻ പ്രോഗ്രാമുകളായ എംകോം (ഫിനാൻസ് ആൻഡ് ടാക്സേഷൻ), എംബിഎ(ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ്, ഫിനാൻസ്, മാർക്കറ്റിംഗ്), എം എ ഇംഗ്ലീഷ്, ബി കോം. (ഓണേഴ്സ്) എന്നിവയിൽ പ്രവേശനത്തിന് നാളെ(നവംബർ 15) വരെ അപേക്ഷിക്കാം.*

*ലോകത്ത് എവിടെയുമുള്ളവർക്ക് പഠിക്കാൻ കഴിയുന്ന രീതിയിലാണ് യു.ജി.സി*

*യുടെ അംഗീകാരത്തോടെ റെഗുലർ പ്രോഗ്രാമുകൾക്ക് തുല്യമായ ഓൺലൈൻ പ്രോഗ്രാമുകൾ നടത്തുന്നത്. ഉപരിപഠനം മുടങ്ങിയവർക്കും ജോലിയോടൊപ്പം പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും വിദേശ വിദ്യാർഥികൾക്കും പ്രയോജനപ്പെടുത്താനാകും. പ്രായപരിധിയില്ല.*

*വിശദ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും* cdoe.mgu.ac.in *എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഫോൺ-0481 2733293, 0481 2733405, 85479 92325, 85478 52326, 85470 10451*

*(പി.ആർ.ഒ/39/1019/2024)*

## പരീക്ഷാ ഫലം

*മൂന്നും നാലും സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ എംഎ സംസ്കൃതം ജനറൽ (2014, 2015 അഡ്മിഷൻ മെഴ്സി ചാൻസ്, 2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഡിസംബർ 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 27 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ* https://studentportal.mgu.ac.in/ *എന്ന ലിങ്കിൽ.*

*..................*

*നാലാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2021 അഡ്മിഷനുകൾ സപ്ലിമെന്ററി പുതിയ സ്കീം ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 28 വരെ സമർപ്പിക്കാം.*

*................*

*രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് സയൻസ് ഇൻ അപ്ലൈഡ് ഇല്ക്ട്രോണിക്സ് (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 28 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ* https://studentportal.mgu.ac.in/ *എന്ന ലിങ്കിൽ.*

*.....................*

*രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് മാസ്റ്റർ ഓഫ് സയൻസ് ഇൻ സൈബർ ഫോറൻസിക്ക് (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ്*

*അടച്ച് നവംബർ 28 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ* https://studentportal.mgu.ac.in/ *എന്ന ലിങ്കിൽ.*

....................

*രണ്ടാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ് (2023 അഡ്മിഷൻ റെഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി ഏപ്രിൽ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 28 വരെ സമർപ്പിക്കാം. വിശദ വിവരങ്ങൾ* https://studentportal.mgu.ac.in/ *എന്ന ലിങ്കിൽ.*

## പരീക്ഷക്ക് അപേക്ഷിക്കാം

*നാലാം സെമസ്റ്റർ എംഎസ്സി ബയോ മെഡിക്കൽ ഇൻസ്ട്രുമെൻറേഷൻ (2022 അഡ്മിഷൻ റെഗുലർ, 2020, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) പരീക്ഷ നവംബർ 29 മുതൽ നടക്കും. നവംബർ 20 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1020/2024)*

## പ്രാക്ടിക്കൽ

*ഏഴാം സെമസ്റ്റർ ബാച്ച്ലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (ബി.എച്ച്.എം) (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ സപ്ലിമെന്ററി പുതിയ സ്കീം ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ നവംബർ 21 മുതൽ പാലാ സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1021/2024)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**